

# അമേരിക്കൻ കഥകൾ

## മുപ്പത്തി ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

## മിനികഥകൾ

അന്നച്ചിക്ക് കന്നമ്മയുടെ കാര്യത്തിൽ വലിയ ദുഃഖം ഉണ്ട്. കഴിഞ്ഞ കഥയുടെ തുടർച്ചയാണ് ഇപ്പോഴും പറയുന്നത്. കന്നമ്മയെ പറ്റി എത്ര പറഞ്ഞാലും പറഞ്ഞാലും അവക്ക് മതിയാകത്തില്ല. അന്നച്ചിയുടെ ജീവിതത്തിൽ പല പെണ്ണുങ്ങളേയും അവൾക്ക് വളരെയധികം ഇഷ്ടമുണ്ടെങ്കിലും കന്നമ്മയോടുള്ള പ്രത്യേക സ്നേഹം എത്ര വിചാരിച്ചാലും മറക്കാൻ പറ്റുകയില്ല. കന്നമ്മയ്ക്ക് എയിഡ്സാണെന്നുള്ള സത്യാവസ്ഥയും അന്നച്ചിക്കു മാത്രമേ അറിയത്തുള്ളു. ആരോടും പറയരുതെന്നുള്ള വ്യവസ്ഥയിൽ ജോസഫ് അച്ചായനോടും അവൾ പറഞ്ഞിരുന്നു. കന്നമ്മ തനിയേയുള്ളു എന്ന ധാരണയിൽ ഒരുപക്ഷേ അയാൾ അവിടെ പോകാൻ സാദ്ധ്യത കാണും എന്നവൾ കരുതിയതിൽ തെറ്റില്ല. എന്നാൽ അവൾ വിവാഹം കഴിച്ച് സഖറിയായുമായുള്ള കുടുംബ ജീവിതം തുടങ്ങിയ ശേഷം അയാൾ അവളുമായി ബന്ധപ്പെടാൻ പോയിട്ടില്ല. അവളുടെ അടുക്കൽ പോയാൽ ഒരിക്കലും അവൾ അയാളോട് മറുത്തു പറയത്തില്ലന്നറിയാമെങ്കിലും, അയാൾ അയാളുടെ മാന്യത പുലർത്തി.

ഇളയ സഹോദരികൾ പതിമൂന്നെണ്ണത്തിനും ഒരു കേടും കൂടാതെ അവൾ കെട്ടിച്ചയച്ചു. ഒരേ സമയം രണ്ടും മൂന്നും പേരേ ഒന്നിച്ച് കേരളത്തിൽ പറഞ്ഞു വിട്ട് വിവാഹം കഴിപ്പിച്ചു. അവക്കെല്ലാം കൂടി അവൾ ഒരുത്തി മലിനമായത് ധാരാളമെന്നവൾക്കറിയാമായിരുന്നു. നല്ല നല്ല കുടുംബഗങ്ങളിൽ നിന്ന് നല്ല നല്ല സുന്ദരന്മാരെ കണ്ടു പിടിച്ച് അവരെ ഓരോരുത്തക്കും വിവാഹം നടത്തി കൊടുത്തു. ഏറ്റവും ഇളയ കുഞ്ഞാങ്ങളയ്ക്കു പോലും കേരളത്തിലെ ഏറ്റവും മുന്തിയ കുടുംബത്തിൽ നിന്നും നല്ല മിടുമിടുക്കിയും സുന്ദരിയുമായ പെണ്ണിനെ കണ്ടു പിടിച്ച് കെട്ടിച്ചു. എല്ലാത്തിനേം വീട്ടിൽ താമസിപ്പിച്ച് വെച്ചു വിളമ്പി കര പറ്റിച്ചു. നന്ദിയില്ലാത്തവർ; അവൾക്ക് ഒരാവശ്യം, ഒരത്യാവശ്യം വന്നപ്പോൾ ഒരു സഹായത്തിന് ഒന്നിനേയും കണ്ടില്ല. ഇത്രയും സഹോദരങ്ങളും അവരുടെ കുടുംബവും ഉള്ളതിന്റെ ഏറ്റവും മൂത്ത ചേച്ചിയാണ് അവൾ എന്ന് ഒരല്പം അഹംകരിച്ചു.

അവൾ മരിച്ചു കഴിഞ്ഞപ്പോൾ, അവരെല്ലാം കൂടെ ഫ്യൂണറൽ ഹോമിൽ എത്തി. അപ്പോഴും, തുടന്നുള്ള ചിലവുകൾ ആരു വഹിക്കുമെന്നവർ ശങ്കിച്ചു. അമേരിക്കയിൽ മരണം കഴിഞ്ഞുള്ള ചിലവ് വലിയ തുക ആകും. അതെല്ലാം ഓരോരുത്തരുടേയും ആസ്തി പോലിരിക്കും. തീരെ കുറഞ്ഞത് അയ്യായിരം ഡോളർ, അവർ താമസിക്കുന്ന ആ സ്ഥലത്താകും. അവൾക്ക് അസുഖമാണെന്ന് അറിഞ്ഞപ്പോൾ, അവൾ അവളെ കുഴിച്ചിടേണ്ട സ്ഥലം വിലക്കു വാങ്ങുകയും അതിനുള്ള ചിലവ് മുൻപേറായി കൊടുക്കുകയും ചെയ്തു. കൂടാതെ അതെല്ലാം നോക്കി നടത്താനുള്ള ചുമതല അന്നച്ചിയേയും ജോസഫ് അച്ചായനേയും ഏല്പിച്ച് വിൽപത്രം എഴുതി വെക്കുകയും ചെയ്തിരുന്നു. കൂടാതെ അവളുടെ ശരീരം ദഹിപ്പിക്കണമെന്നും അവൾ എഴുതിചേത്തിരുന്നു. കൂടാതെ ഫ്യൂണറൽ ഹോമിൽ അവളുടെ മുഖം ആരും കാണാത്തവിധം മൂടിയിരിക്കണമെന്നും അവൾ പ്രത്യേകം എഴുതി വെച്ചിരുന്നു. അവൾ ആവശ്യപ്പെട്ടപ്രകാരം, മരണം കഴിഞ്ഞ് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ എല്ലാ കമ്മങ്ങളും തീത്തു. യാതൊരു കാരണവശാലും അവൾ ഈ അസുഖം മൂലം ആണ് മരിച്ചതെന്ന് ആരും അറിയരുതെന്നവൾക്കു നിബന്ധമുണ്ടായിരുന്നു.

നിത്യേന മാറി മാറി ഓരോ പുരുഷന്മാരുടെ കൂടെ വിവിധ വിധമുള്ള രതിലീലകളിൽ ഏപ്പെട്ടതുമൂലമാണ് അവൾക്ക് ഈ അസുഖം വന്നതെന്നാണ് മെഡിക്കൽ സയൻസ് പറയുന്നത്. കേരളത്തിൽ നിന്നും അവളുടെ മാതാപിതാക്കളെ വരുത്തണമെന്ന് സഹോദരങ്ങൾക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും അവൾ എഴുതി വെച്ചതിൻപ്രകാരം അതിനൊന്നും അന്നച്ചി സമ്മതിച്ചില്ല. അന്നച്ചിയോട് തക്കിക്കാൻ അവരാരും തയാറല്ലായിരുന്നു. ആരുമില്ലാതെ അവൾ ഏകയായിരുന്നപ്പോൾ അവളുടെ സഹായത്തിനായി അപ്പനുമമ്മയും വരണമെന്നവൾ ആവശ്യപ്പെട്ടപ്പോൾ, അവൾ ഉണ്ടാക്കി കൊടുത്ത മണിമാളികയും സുഖ സൗകര്യങ്ങളും എല്ലാം കളഞ്ഞ് വരാൻ അവക്ക് താല്പര്യമില്ലന്നറിയിച്ചപ്പോൾ അവൾ ഈ ലോകം തന്നെ വെറുത്ത്, വഴി വിട്ട ജീവിതത്തിലേക്ക് തിരിയുകയായിരുന്നു. അവളുടെ ഈ നിലയ്ക്ക് അവരെല്ലാം കാരണക്കാരായിരുന്നു. അവളുടെ അവസാന ദിവസങ്ങളിൽ അവൾ നേഴ്സിംഗ്ഹോമിൽ കിടന്നപ്പോൾ അവൾ ഏങ്ങലടിച്ച് കരഞ്ഞ് അന്നച്ചിയോട് ഈ വിവരങ്ങൾ എല്ലാം പല ദിവസങ്ങളായി പറഞ്ഞിരുന്നു. ഇങ്ങിനെ അസുഖം വന്നു കഴിഞ്ഞാൽ അങ്ങിനെയുള്ളവരെ നേഴ്സിംഗ്ഹോമിൽ പാപ്പിക്കുകയാണ് പതിവ്.

അവൾ ഇങ്ങിനെ നേഴ്സിംഗ്ഹോമിൽ താമസിക്കുന്ന വിവരം ഒന്നും തന്നെ അവളുടെ സഹോദരങ്ങൾ ആരും അറിഞ്ഞിരുന്നില്ല. അന്നച്ചിയുടെ ദയ കൊണ്ടു മാത്രമാണ് അവളുടെ മരണ വിവരം തന്നെ അവരെ അറിയിച്ചത്. പെട്ടെന്ന് അവക്കാക്കും അത് വിശ്വസിക്കാനും ഉൾക്കൊംള്ളാനും കഴിഞ്ഞില്ല. അമേരിക്കയുടെ തിരക്കേറിയ യാന്ത്രികമായ സമയങ്ങളിൽ ഒരു വീട്ടിലെ അടുത്ത മുറിയിൽ നടക്കുന്ന നടുങ്ങുന്ന വിവരങ്ങൾ അടുത്ത മുറിയിൽ താമസിക്കുന്നവർ പോലും അറിയത്തില്ല. ഇത്രയും പെട്ടന്നുള്ള കാര്യമായിട്ടു പോലും, ആ പ്രദേശത്തു താമസിക്കുന്ന എല്ലാവരും എല്ലാ പട്ടക്കാരും അവിടെ പറന്നെത്തി; സെഖറിയ ഒഴികെ. അയാൾ മനപൂവ്വം പോകാതിരുന്നതാണ്. അയാളെ ഈ രാജ്യത്ത് കൊണ്ടുവന്നത് അവളാണെന്നത് അയാൾ മറന്നിട്ടില്ല. എന്നാൽ അവൾ അയാളെ അത്രയധികം പീഡിപ്പിച്ചു. ഒന്നിനും കൊള്ളാത്ത ഒരു കഴിവും ഇല്ലാതിരുന്ന അയാൾ ഇത്രയും മിടുക്കനാകാൻ കാരണവും അവളായിരുന്നു.

ആ രാത്രി അയാൾക്ക് മറക്കാൻ ഒക്കത്തില്ല; ജീവിതത്തിലൊരിക്കലും. അവളുടെ വീട്ടിൽ നിന്നും കരഞ്ഞു കൂവി കൊണ്ട് അയാൾ നേരേ പോയത് സ്വണ്ണമ്മയുടെ വീട്ടിലേക്കായിരുന്നു സ്വണ്ണമ്മ അമേരിക്കയിൽ വന്നിട്ട് വഷങ്ങൾ പലതായി. അവളും റജിസ്റ്റേഡ് നേഴ്സായിട്ട് ജോലി ചെയ്യുകയാണ്. അവളുടെ സ്വന്തം കഴിവുകൊണ്ടും മറ്റും വളരെ കഷ്ടപ്പെട്ട് അവൾ അമേരിക്കയിൽ എത്തിയതാണ്. അവൾക്ക് അന്നച്ചിയെ അറിയാമെങ്കിലും കൂടുതൽ പരിചയമില്ല. അവൾ അമേരിക്കയിൽ വന്ന്, ജീവിതം എല്ലാം ക്രമപ്പെടുത്തിയ ശേഷം കേരളത്തിൽ പോയി സുന്ദരനും മിടുമിടുക്കനുമായ ഒരു സോഫ്റ്റ്‌വയർ എഞ്ജിനീയറെ വിവാഹം കഴിച്ച് കേവലം ഒരു വഷത്തോളം സന്തോഷമായി ജീവിച്ചു.

ഒരു മഞ്ഞു കാലത്ത്, അതി ശൈത്യകാലത്ത് ജോലി കഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ തൊട്ടടുത്തു കൂടെ പോയ കാർ തെന്നി, അയാളുടെ വണ്ടിയെ ഇടിച്ച് തൽക്ഷണം അയാൾ മരിച്ചു. എന്തായാലും ഇൻഷറൻസിൽ നിന്നും അവൾക്ക് നല്ല ഒരു തുക കിട്ടി. ആരും അവൾക്ക് ഒരു സഹായത്തിന് അവിടെ ഇല്ലാതിരുന്നപ്പോൾ ഒരു ദൈവദൂതനെപ്പോലെ സഖറിയാ അവളെ, കന്നമ്മ അറിയാതെ രാപകലില്ലാതെ സഹായിച്ചിരുന്നു, യാതൊരു പ്രതിഫലവും ഇഛിക്കാതെ. ആദ്യകാലങ്ങളിൽ അവൾക്ക് സംശയം ഉണ്ടായിരുന്നെങ്കിലും പിന്നിട് അയാളുടെ നല്ല മനസ് അവൾ അറിഞ്ഞു. ഒരിക്കലും പ്രതീക്ഷിക്കാതെ അയാൾക്ക് പെരുവഴി ആയപ്പോൾ അവൾ അയാൾക്ക് സഹായമേകി.